\

പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *110 — 02.03.2017-ൽ മറുപടിയ്ക്ക്

## മലയോര-തീരദേശ ഹൈവേ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.സി.ജോസഫ്<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, എ.പി. അനിൽ കുമാർ<br>" എം.വിൻസെന്റ് | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) മലയോര-തീരദേശ ഹൈവേകളുടെ വിശദമായ പഠന റിപ്പോർട്ട് നാറ്റ്പാക് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) മലയോര ഹൈവേ സംബന്ധിച്ചുള്ള ഒരു പഠന റിപ്പോർട്ട് നാട്ട്പാക്ക് സമർപ്പിക്കുകയും രണ്ടു ഘട്ടങ്ങളായി അവയുടെ അലൈൻമെന്റിന് സർക്കാർ അംഗീകാരം നല്കിയിട്ടുള്ളതുമാണ്.<br><br>നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ പ്രാഥമിക സർവ്വേ NATPAC പൂർത്തീകരിച്ചിട്ടുള്ളതാകുന്നു. അതിൻപ്രകാരം തിരുവനന്തപുരം ജില്ലയിൽ പൂവാറിൽ നിന്നും ആരംഭിക്കുകയും കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലൂടെ കടന്ന് കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്കിലെ കുഞ്ചത്തൂർ എന്ന സ്ഥലത്ത് അവസാനിക്കുകയും ചെയ്യുന്ന രീതിയിലാണ് രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്. തീരദേശ ഹൈവേയുടെ മുഖ്യ പ്രയോജനങ്ങൾ താഴെ പറയുന്നതാണ്.<br><br>1 ദേശീയപാതയിലെ ഗതാഗതകുരുക്ക് ലഘൂകരിക്കുക.<br>2 പ്രധാനപ്പെട്ട ഹാർബറുകളും മത്സ്യവിപണന കേന്ദ്രങ്ങളും ബന്ധിപ്പിക്കൽ<br>3 തീരദേശ മേഖലയുടെ സർവ്വതോൻമുഖ പുരോഗതിക്ക് വഴി തുറക്കും.<br>4 വിനോദ സഞ്ചാര മേഖലയിൽ പുത്തൻ ഉണർവ് ഉണ്ടാകും.<br><br>**NATPAC -ന്റെ പ്രാഥമിക സർവ്വേ പ്രകാരം നിർദ്ദിഷ്ട തീരദേശ ഹൈവേയ്ക്ക് 591.5 കി.മീ. നീളവും 6612 കോടി രൂപയുടെ ചെലവുമാണ് പ്രതീക്ഷിക്കുന്നത്.** നിർദ്ദിഷ്ട ഹൈവേയ്ക്ക് 12 മീറ്റർ റൈറ്റ് ഓഫ് വേയും, 7 മീറ്റർ കാരിയേജ് വേയുമാണ് |

നിർദ്ദേശിച്ചിരിക്കുന്നത്. സ്ഥല പരിമിതിയുള്ള പ്രദേശങ്ങളിൽ ക്യാരിയേജ് വേയുടെ വീതി 5.5 മീറ്ററായി നിജപ്പെടുത്തിയിട്ടുണ്ട്

**ജില്ല തിരിച്ചുള്ള വിവരം ചുവടെ കൊടുക്കുന്നു**

| ജില്ല | നീളം | പ്രതീക്ഷിക്കുന്ന പദ്ധതിയുടെ ചെലവ് (കോടി) |
|---|---|---|
| തിരുവനന്തപുരം | 75.2 | 1048 |
| കൊല്ലം | 45.5 | 465 |
| ആലപ്പുഴ | 78.6 | 1256 |
| എറണാകുളം | 47.2 | 641 |
| തൃശ്ശൂർ | 64.2 | 562 |
| മലപ്പുറം | 63.9 | 634 |
| കോഴിക്കോട് | 63.6 | 463 |
| കണ്ണൂർ | 70.2 | 551 |
| കാസർഗോഡ് | 83.1 | 989 |
| **ആകെ** | **591.5** | **6612** |

**(ബി)** പ്രസ്തുത ഹൈവേകളുടെ നിർമ്മാണത്തിനാവശ്യമായ ഫണ്ട് എപ്രകാരം സ്വരൂപിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**(ബി)** കിഫ്ബി വഴിയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്

**(സി)** ഇവയുടെ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

**(സി)** മലയോര ഹൈവേ അലൈൻമെന്റിൽ വരുന്ന കണ്ണൂർ ജില്ലയിലെ ചെറുപുഴ മുതൽ വള്ളിത്തോടുവരെയുള്ള 59.415 കി.മീ ഭാഗത്തിന്റെ നിർമ്മാണ പ്രവൃത്തികൾ നല്ല രീതിയിൽ പുരോഗമിച്ചുവരികയാണ്. കാസർഗോഡ് ജില്ലയിൽ നന്ദാരപ്പടവ് മുതൽ ചെറുപുഴ വരെയുള്ള 33 കി.മി. ഭാഗം സർക്കാർ ഉത്തരവ് G.O.(Rt)No. 109/2017/PWD. dt. 25/01/2017 പ്രകാരം ഭരണാനുമതി നല്കിയിട്ടുള്ളതാണ്. ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മലയോര ഹൈവേ സംബന്ധിച്ച് NATPAC ഉദ്യോഗസ്ഥരുമായി സംയുക്തപരിശോധന നടത്തിയിട്ടുണ്ട്. ഇവ ഘട്ടം ഘട്ടമായി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. **NATPAC** സർവ്വേ പ്രകാരമുള്ള റിപ്പോർട്ട് അംഗീകരിക്കുന്ന മുറയ്ക്ക് തീരദേശ ഹൈവേയുടെ പ്രവൃത്തി നടപ്പാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ